മണലൂർ നിയോജകമണ്ഡലത്തിൽ ഫ്ളഡ് വർക്കിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

154 (855) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മണലൂർ നിയോജക മണ്ഡലത്തിൽ ഫ്ളഡ് വർക്കിൽ ഉൾപ്പെടുത്തി എത്ര വർക്കുകൾക്ക് എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ഇനിയും പൂർത്തികരിക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) അവ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി ദുരന്തമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

(ബി-ഡി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സുനാമി പുനരധിവാസ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ പണി പൂർത്തിയാക്കിയ വീടുകൾ

155(856) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട് ; താലൂക്കടിസ്ഥാനത്തിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കടൽത്തീരത്തുനിന്നും 10 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്കും, മറ്റെങ്ങും വീടില്ലാത്തവർക്കുമാണ് ഇപ്പോൾ വീട് നൽകുന്നതെന്നാകയാൽ 10 മീറ്റർ ദൂരപരിധി കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സുനാമി പുനരധിവാസപദ്ധതി പ്രകാരം ദുരിതബാധിത പ്രദേശത്തുള്ളവരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോ : 2009-10 അദ്ധ്യയനവർഷം എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുത്തിട്ടുണ്ട് ; ആലപ്പുഴ ജില്ലയിൽ താലൂക്കടിസ്ഥാനത്തിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly